# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2201 18.03.2015-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗങ്ങളിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും, പല പദ്ധതികളും നടപ്പിലാകുകയും ചെയ്തിട്ടുണ്ട്. മറ്റു ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. |
| (ബി) | ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചതിന് ശേഷം അവ നടപ്പിലാക്കുന്നതിനുള്ള ചുമതല ഭരണവകുപ്പുകൾക്കും, നിർവ്വഹണ വകുപ്പുകൾക്കുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രഖ്യാപിച്ച പുതിയ പദ്ധതികളിൽ നാളിതുവരെയും നടപ്പിലാക്കുവാൻ സാധിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം തുകകളാണ് ചെലവഴിക്കപ്പെടാതിരുന്നതെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; | |

| | | |
|---|---|---|
| (ഡി) | ബഡ്ജറ്റുകളിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ഈ വർഷം ഇതു വരെ ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ? | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മുൻഗണനാ പദ്ധതികളെ നടപ്പിലാക്കുന്നതിനുള്ള ചുമതല വിവിധ വകുപ്പുകൾക്കും, നിർവ്വഹണ വകുപ്പുകൾക്കുമാണ്. ആയതിനാൽ പദ്ധതികളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ധനകാര്യ ബജറ്റു വകുപ്പിൽ സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

| അനുബന്ധം |
| --- |
| **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അവതരിപ്പിച്ച ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാതെപോയ പ്രധാനപ്പെട്ട പദ്ധതികൾ** |
| **(വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)** |
| എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം |
| തിരുവനന്തപുരം ജില്ലയിലെ 10 സബ്ബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർ നിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ്ബ് രജിസ്റ്റർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് |
| ഹോമിയോ ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ 25 കിടക്കകളുള്ള പുതിയ ഹോമിയോ ആശുപത്രികൾ ആരംഭിക്കൽ |
| ശാസ്ത്ര നഗരം പദ്ധതി |
| വെർട്ടിക്കൽ ഫാമിംഗ് |
| നെയ്യാർ ഡാമിനെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്ററായി മാറ്റുന്ന പദ്ധതി |
| നിലമ്പൂർ ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതി |
| ഇടുക്കി ഗ്രാമീണ ടൂറിസം പദ്ധതി |
| വടക്കേപ്പുഴ ഹൈഡൽ ടൂറിസം പദ്ധതി |
| ബീച്ച് ടൂറിസം മാനേജ്മെന്റുകൾക്ക് രാജ്യത്ത് ആദ്യമായി ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളൽ |
| കണ്ണൂർ ജില്ലയിലെ മുണ്ടേരി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച തണ്ണീർതടം പദ്ധതി |
| ബേക്കൽ വയനാട് കൊച്ചി, കുമരകം, കോട്ടയം, എന്നീ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി |
| ദേശീയവും അന്തർദേശീയവുമായ പുതിയ ടൂറിസം വിപണികൾ കണ്ടെത്തി ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പ്രൊമോഷൻ ബോർഡ് രൂപീകരിക്കൽ |
| ഇടുക്കി ജില്ലയിലെ ജില്ലാ ആശുപത്രിക്കായി 150 കിടക്കകളുള്ള പുതിയ ഐ.പി വാർഡ് നിർമ്മിക്കുന്ന പദ്ധതി |
| കോട്ടയം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം |
| കർഷകതൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ മറ്റു പരമ്പരാഗത തൊഴിലാളികൾ എന്നിവരുടെ കുടുംബക്ഷേമം മുൻ നിർത്തി ഒരു ഇൻഷ്വറൻസ് സ്കീം നടപ്പാക്കൽ |
| ജലശുദ്ധിയെക്കുറിച്ചും ജലജന്യ രോഗങ്ങളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുന്നതിനും ജലശുദ്ധി പരിശോധിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനുള്ള സംവിധാനം വ്യാപകമാക്കൽ |
| താലൂക്ക് ഓഫീസുകളും റവന്യൂ ഡിവിഷണൽ ഓഫീസുകളും ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഇലക്ട്രോണിക് നെറ്റ് വർക്കിംഗും ഏർപ്പെടുത്തുന്ന പദ്ധതി |
| 01.01.1977 ന് മുൻപ് ഭൂമി കൈവശം ഉണ്ടായിരുന്ന മുഴുവൻ മലയോര കർഷർക്കും സമയ ബന്ധിതമായി പട്ടയം നൽകുന്നതിന് ഒരു തീവ്രയത്ന പരിപാടി |
| തിരുവനന്തപുരം നഗരത്തിൽ സർക്കാർ ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ആറ്റിപ്ര വില്ലേജിൽ ഒരു ബഹുനില ഓഫീസ് സമുച്ചയം നിർമ്മിക്കാനുള്ള പരിപാടി |
| കോട്ടയം ജേർണലിസ്റ്റ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഒറ്റത്തവണ ധനസഹായം |

സെക്ഷൻ ഓഫീസർ